സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദേശീയ പെൻഷൻ പദ്ധതി – 2012 ലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-1(iii)** നന്തൻകോട് **09/06/2023**

---

പരാമർശം ഃ– 1) 05–02–2018 ലെ ROC 145/13/Est-1 നമ്പർ ഉത്തരവ്.
2) ദേവസ്വം ജീവനക്കാരുടെ 30–01–2023 ലെ അപേക്ഷ.
3) ദേവസ്വം കമ്മീഷണറുടെ 09–05–2023 ലെ ROC 02/10/P&SGRC നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാരാണ്മ ജീവനക്കാർ, പാർട്ട്ടൈം ജീവനക്കാർ എന്നീ വിഭാഗങ്ങൾ ഒഴികെ 01–04–2013 മുതൽ സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം –1).

കഴകം, തളി, വാച്ചർ എന്നീ തസ്തികകളിലേക്ക് 09–02–2011 ലെ വിജ്ഞാപന പ്രകാരം വിവിധ തീയതികളിലായി പരീക്ഷ നടത്തി 2012 ൽ പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 2019 വരെ വിവിധ ഘട്ടങ്ങളിലായി നിയമനം ലഭിച്ചവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായത്തിൽ നിലനിർത്തണമെന്ന് വിവരിച്ച് ജീവനക്കാർ അപേക്ഷ സമർപ്പിച്ചു (പരാമർശം –2).

പ്രസ്തുത വിഷയത്തിൽ ലഭ്യമായ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ ടി അപേക്ഷയിന്മേൽ അസിസ്റ്റന്റ് ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതാണെന്നും കഴകം, തളി, വാച്ചർ ലാവണങ്ങളിൽ 09–02–2011 ലെ നോട്ടിഫിക്കേഷൻ പ്രകാരം ടെസ്റ്റ് നടത്തി 09–07–2012 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 06–08–2012 ലും 28–09–2012 ലും നിയമനം നടത്തിയിട്ടുള്ളതായും അതിനുശേഷം ഒഴിവുണ്ടായിരുന്നിട്ടും നിയമനം നടത്തിയിട്ടില്ലാത്തതിനാൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട ഏതാനും ഉദ്യോഗാർത്ഥികൾ കേസ്സ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വിധിന്യായ പ്രകാരം 25–07–2015 ലെ ROC 1044/05/Mis-I/Est-1 നമ്പർ ഉത്തരവ് പ്രകാരം നിയമനം നടത്തിയിട്ടുള്ളതായി കാണുന്നുവെന്നും ടി വസ്തുതകൾ പരിശോധിച്ചതിൽ

(മറുപുറം)

മേൽപറഞ്ഞ നിയമനത്തിൽ കാലതാമസം ഉണ്ടായത് ഉദ്യോഗാർത്ഥികളുടെ ഭാഗത്തുനിന്നുള്ള തെറ്റുകൊണ്ട് സംഭവിച്ചതല്ലായെന്നും നിയമനം നടത്തുന്ന കാര്യത്തിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായതാണെന്നും ആകയാൽ ഇവരുടെ കാര്യത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകണമെന്ന പൊതു ഉത്തരവിൽ നിന്നും ഇളവിന് അർഹതയുള്ളതായി കാണുന്നുവെന്നും ജീവനക്കാരുടെ അപേക്ഷയിന്മേൽ മേൽപറഞ്ഞ വസ്തുതകളുടേയും നിയമനത്തിന്റേയും അടിസ്ഥാനത്തിൽ ബോർഡിന് തീരുമാനമെടുക്കാവുന്നതാണെന്നും എന്നാൽ 01-04-2013 വരെ മേൽപറഞ്ഞ തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ നിയമനം ലഭിച്ചവർക്ക് മാത്രമേ ടി അവകാശവാദം ഉന്നയിക്കുവാൻ അർഹതയുള്ളൂവെന്ന കാര്യവും പരിഗണിക്കേണ്ടതാണെന്നും അസിസ്റ്റന്റ് ലാ ആഫീസർ അഭിപ്രായ പ്പെട്ടിട്ടുള്ളതാണെന്നും ആകയാൽ 09-07-2012 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 01-04-2013 ന് ശേഷം നിയമനം ലഭിച്ച ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കുന്നത് സംബന്ധിച്ച് ലാ ആഫീസറുടെ അഭിപ്രായപ്രകാരം ഉത്തരവുണ്ടാകണമെന്നും വിവരിച്ചിട്ടുള്ളതാണ് (പരാമർശം -3).

ടി വിഷയം ബോർഡ് പരിശോധിച്ചു. ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട്, അസിസ്റ്റന്റ് ലാ ആഫീസറുടെ റിമാർക്സ് എന്നിവയുടെ അടിസ്ഥാനത്തിൽ കഴകം, തളി, വാച്ചർ ലാവണങ്ങളിൽ 09-07-2012 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 01-04-2013 വരെ ഉണ്ടായ ഒഴിവുകളിൽ നിയമനം ലഭിച്ച ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

SK